©
Government of Kerala
കേരള സർക്കാർ
2008

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

KERALA GAZETTE
കേരള ഗസറ്റ്

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LIII വാല്യം 53	THIRUVANANTHAPURAM, TUESDAY തിരുവനന്തപുരം, ചൊവ്വ	30th December 2008 2008 ഡിസംബർ 30 9th Pousha 1930 1930 പൌഷം 9	No. നമ്പർ	52

PART III
Police Department

SHORT TENDER NOTICE

No. H6-90794/08. *5th December 2008.*

Sealed tenders are invited for the Modification Works of Vehicles so as to reach Police Headquarters, Thiruvananthapuram on or before 12 Noon on 6-1-2009.

Sl. No.	Tender No. and Name of the Work	Quantity of Vehicle Nos.
1	122/08 — Modification of new Tempo Traveller Vehicles for Operational purpose	4
2	123/08—Do. for Dog Squad	3

Cost of tender forms—Rs. 1,000+12.5%VAT for Sl. No. 1 and Rs. 400+12.5% VAT for Sl. No. 2.

Date and time of opening of tender —6-1-2009, 3 p.m.

CONDITIONS

1. The tenders should be superscribed with Tender Number and name of the store articles and addressed to the Director General of Police, State Police Headquarters, Vellayambalam, Thiruvananthapuram-695 010, Kerala. Late tenders will not be accepted.

2. The tenders will be opened at the time mentioned above, in the presence of the tenderers of their authorized representatives (with proof of Identity) who may be present at that time.

3. Application for tender forms should be accompanied by a cash remittance price fixed for a form which is not refundable. The Tender forms are not transferable. The sale of tender forms will be closed at 4 p.m. on 5-1-2008. Cheques, Drafts, Postage Stamps, etc. will not be accepted towards the cost of forms nor will the forms be sent by VPP. However Money Orders (including telegraphic money orders) sent in the name of the Additional Assistant Inspector General of Police, Police Headquarters, Thiruvananthapuram-10 will be accepted. The amount should include the postage/courier charges for sending tender documents. The Money Order alongwith the request should reach Police Headquarters atleast 7 days before the closing of the sales of the Tender documents enabling us to send the documents well in advance.

4. Intending Tenderers may on application to the Director General of Police, obtain requisite tender forms on which the tenders should be submitted.

5. Earnest Money Deposit (EMD) @1% of the quoted value should be furnished along with the Tender. EMD may be submitted either in cash or crossed Bank Drafts or Treasury Savings Bank Deposits or Government Promissory Notes or Bank Guarantee or National Saving Certificates drawn

in favour of Additional Assistant Inspector General of Police Police Headquarters, Thiruvananthapuram-10. The firms which are exempted from furnishing EMD should produce a copy of relevant authorized document for verification. Without EMD, the Tenders will be cancelled.

6. Intending Tenderers also may include charges for installation (of technical items), training of officers and on-site support at least for 3 years as warranty, and thereafter A.M.C./A.T.S. for a period of 3 years on a turn key basis at a reasonable cost (to be specified along with the quotation) in the Tenders. One year or 2 years warranty can be accepted in exceptional conditions.

7. Specifications and list of items of each tender shall be obtainable from PHQ with the tender forms during the working hours of Police Headquarters. The firms should also furnish the detailed specifications, make, brochures, Test Report from Government Laboratories/Agencies, (Wherever possible) technical support network in Kerala etc. of the equipments along with the Tenders. The Tenders without detailed specifications of quoted items, Brochures, make etc. are liable to be rejected forthwith. The Tenders without separate envelope and not superscribing the tender number etc. will be rejected.

8. Preference will be given to the products quoted by the manufacturer or their authorised dealers having authorisation from the original manufacturer. Similarly perferences will be given to the Tenders having experience of supplying similar/same items to Government Departments or Organisations, for which the Tenderer has to produce proof of purchase/installation/satisfaction of the customer.

9. As the modification works are urgently required, the selected bidder will have to modify the vehicles without loss of time preferably within a month. In case for any pressing circumstance there will be delayed supply, the tenderer must cite adequate, justifiable grounds in writing and send them to DGP Kerala for consideration. DGP, in appropriate cases can allow maximum 6 months of time from the scheduled date.

10. The rates quoted should be valid and firm till 31-3-2009. The Director General of Police is empowered to reject any tender without assigning any reason. For any clarification please contact AIG-II (Phone 0471-2722566) or Senior Superintendent 'H' Division.
(Phone 0471-2721547-1265).

പോലീസ് വകുപ്പിലേക്ക് ആവശ്യമായ താഴെ പറയുന്ന വാഹനങ്ങളുടെ മോഡിഫിക്കേഷൻ ജോലികൾ ചെയ്യുന്നതിനുള്ള മുദ്രവച്ച ദർഘാസുകൾ 16-1-2009-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി ഈ ഓഫീസിൽ ലഭിക്കത്തക്കവിധത്തിൽ ക്ഷണിച്ചു കൊള്ളുന്നു.

ക്രമ നമ്പർ	ദർഘാസ് നമ്പറും ആവശ്യമായ ജോലികളും	വാഹനങ്ങളുടെ എണ്ണം
1	122/2008—ഓപ്പറേഷണൽ പർപ്പസിന് വേണ്ടിയുള്ള ടെമ്പോ ട്രാവലർ വാഹനങ്ങളുടെ മോഡിഫിക്കേഷൻ ജോലികൾ	4
2	123/2008—ഡോഗ് സ്ക്വാഡിന് വേണ്ടിയുള്ള ടെമ്പോ ട്രാവലർ വാഹനങ്ങളുടെ മോഡിഫിക്കേഷൻ ജോലികൾ	3

ദർഘാസ് ഫോറത്തിന്റെ വില:— ക്രമനമ്പർ 1-ന് രൂപ 1,000+12.5% വാറ്റ്, ക്രമനമ്പർ 2-ന് രൂപ 400+12.5% വാറ്റ്.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും— 6-1-2009, 3 മണി.

ഓരോ ഇനങ്ങൾക്കും പ്രത്യേകം ദർഘാസ് ഫോറങ്ങൾ അയയ്ക്കേണ്ടതാണ്. താത്പര്യമുള്ളവർക്ക് പോലീസ് ഡയറക്ടർ ജനറലിന്റെ പേർക്കുള്ള അപേക്ഷയോടൊപ്പം ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ള നിരക്കിൽ പണമടച്ച് ദർഘാസ് ഫോറങ്ങൾ പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്ന് 5-1-2009-ാം തീയതി വൈകിട്ട് 4 മണിവരെ വാങ്ങാവുന്നതാണ്. ദർഘാസുകൾ അയയ്ക്കുന്നവരുടെ പേരും ടെണ്ടർ നമ്പരും രേഖപ്പെടുത്തി പോലീസ് ഡയറക്ടർ ജനറൽ, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം-10 എന്ന വിലാസത്തിൽ 6-1-2009-ന് ഉച്ചയ്ക്ക് 12 മണിക്കോ അതിന് മുൻപോ ലഭിക്കത്തക്ക വിധത്തിൽ അയയ്ക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ 6-1-2009-ന് 3 മണിക്ക് തദവസരത്തിൽ ഹാജരായിട്ടുള്ള കരാറുകാരുടെയോ അവർ അധികാരപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ദർഘാസ് ഫോറത്തിനോടൊപ്പം ദർഘാസ് തുകയുടെ ഒരു ശതമാനം വരുന്ന തുകയ്ക്കുള്ള നിരതദ്രവ്യം പോലീസ് അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ-II, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരത്തിന്റെ പേർക്ക് മാറാവുന്ന വിധത്തിൽ ഹാജരാക്കേണ്ടതും നിരതദ്രവ്യം ഒഴിവാക്കപ്പെട്ടിട്ടുള്ളവർ അത് തെളിയിക്കുന്നതിനുള്ള രേഖകൾ ടെണ്ടറിനോടൊപ്പം ഹാജരാക്കേണ്ടതാണ്. നിരതദ്രവ്യം പണമായോ ക്രോസ് ചെയ്ത് ബാങ്ക് ഡ്രാഫ്റ്റായോ ട്രഷറി സേവിംഗ്സ് ഡെപ്പോസിറ്റായോ ഗവൺമെന്റ് പ്രോമിസറി നോട്ടായോ ബാങ്ക് ഗ്യാരണ്ടിയായോ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റായോ സമർപ്പിക്കാവുന്നതാണ്.

മോഡിഫിക്കേഷൻ ജോലികൾ അത്യന്താപേക്ഷിതമായതിനാൽ തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ ഒരു മാസത്തിനുള്ളിൽ തന്നെ പ്രസ്തുത ജോലികൾ ചെയ്തു തീർക്കേണ്ടതാണ്. മോഡിഫിക്കേഷൻ ജോലികളുടെ സ്പെസിഫിക്കേഷനുകളും ഡയഗ്രവും ദർഘാസ് ഫോറത്തിനോടൊപ്പം ലഭ്യമാണ്. ദർഘാസുകളിൽ രേഖപ്പെടുത്തുന്ന വില 31-3-2009 വരെ മാറ്റമില്ലാതെ നിലനിർത്തേണ്ടതാണ്. മോഡിഫിക്കേഷൻ ജോലികളുടെ സ്പെസിഫിക്കേഷനുകൾ, ഡയഗ്രം തുടങ്ങിയ വിശദമായ മറ്റ് വിവരങ്ങളും കേരളാ പോലീസ് വെബ് സൈറ്റിൽ ലഭ്യമാണ്.

യാതൊരു കാരണവും ബോദ്ധ്യപ്പെടുത്താതെ ദർഘാസുകൾ നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം പോലീസ് ഡയറക്ടർ ജനറലിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾക്ക് പോലീസ് ഹെഡ് ക്വാർട്ടേഴ്സിലെ പോലീസ് അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ-II-നെയോ (ഫോൺ : 0471 2722566) എച്ച് സെക്ഷനിലെ സീനിയർ സൂപ്രണ്ടിനെയോ (ഫോൺ ; 0471-2721547-1265) ബന്ധപ്പെടാവുന്നതാണ്.

Police Headquarters, (Sd.)
Thiruvananthapuram. *Director General of Police.*

QUOTATION-CUM-AUCTION NOTICE

No. C4-53268/2006/SB. *13th November 2008.*

It is proposed to conduct the auction sale of the following Departmental Vehicles at SBCID, Headquarters, Pattom, Thiruvananthapuram at 11 hours on 23-1-2009. The details of the Vehicles and EMD to be remitted are furnished below.

Sl. No.	*Registration No.*	*Model*	*E.M.D. R.*
1	KL 01 C 3491 Jeep	1992	2,000
2	KL 01 C 3489 Jeep	1992	2,300

Those who intend to participate in the auction sale must obtain the receipt after remitting the stipulated EMD for each vehicle separately as specified above before the commencement of the auction. The deposit will be refunded to the unsuccessful bidders immediately after the auction.

The sealed tenders with the superscription on the cover "Tender for auction of Vehicle No........................." enclosing the DD at the rate of EMD obtained from any Nationalised Bank drawn in favour of the Superintendent of Police (Admn.), SBCID Headquarters, Thiruvananthapuram. will be received in the Office of Superintendent of Police, SBCID Headquarters, Thiruvananthapuram on or before 3 p.m. on 22-1-2009. Separate tenders are to be submitted for each vehicle. Those who desires to participate in the auction should physically be presented at the time of auction.

The sealed tenders, if any will be opened and auction will be fixed provisionally in the name of the highest bidder after auction sale. The successful bidder should deposit 50% of the bid amount excluding EMD and obtain receipts. The balance amount including admissible sale tax should be paid on receipt of the order of confirmation of the auction and he should take the delivery of the vehicle from the auction place at his own expenses. If the successful bidder fails to satisfy the terms and conditions of the auction, the amount deposited by him at the time of the auction will be forfeited to the Goverment.

The re-auction will be conducted at the risk and cost of the original bidder. If there is any loss in the re-auction the whole responsibility will rest on the defaulting bidder. The defaulter will have no right to claim any profit if any. The vehicles can be inspected during the working hours from 11 a.m. to 4 p.m. in the office premises of the SBCID Headquarters by contacting Administrative Inspector, SBCID Headquarters, Thiruvananthapuram subject to the permission of Superintendent of Police, (Admn.), SBCID Headquarters, Thiruvananthapuram.

Superintendent of Police (Admn), SBCID Headquarters, Thiruvananthapuram will have the right to stop the auction proceedings or to postpone the auction at any stage without assigning any reason there of and the decision of the Superintendent of Police will be final.

സൂപ്രണ്ട് ഓഫ് പോലീസ് സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി., യുടെ കീഴിലുള്ളതും പട്ടത്തുള്ള സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി. ഹെഡ് ക്വാർട്ടേഴ്സ് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതും ആയ താഴെ പറയുന്ന ഡിപ്പാർട്ടുമെന്റൽ വാഹനങ്ങൾ 23-1-2009-ാം തീയതി പകൽ 11 മണിക്ക് പ്രസ്തുത ഓഫീസിൽ വച്ച് പരസ്യമായി ലേലം/ടെണ്ടർവഴി വിൽപ്പന നടത്തുന്നതാണ്.

ക്രമ നമ്പർ	വാഹനത്തിന്റെ വിവരം	രജിസ്റ്റർ നമ്പർ	നിരതദ്രവ്യം രൂപ
1	1992 മോഡൽ ജീപ്പ്	കെ. എൽ. 01 സി 3491	2,000
2	1992 മോഡൽ ജീപ്പ്	കെ. എൽ. 01 സി 3489	2,300

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യ സമയത്ത് ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മേൽപ്പറഞ്ഞ ഓരോ വാഹനത്തിനും നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം ലേലസ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ച് കൊടുക്കുന്നതുമാണ്. സീൽ ചെയ്ത കവറിൽ ദർഘാസുകൾ (ഓരോ ഇനത്തിനും പ്രത്യേകം) നേരിട്ടോ തപാൽമാർഗ്ഗമോ "സൂപ്രണ്ട് ഓഫ് പോലീസ്, (ഭരണവിഭാഗം) സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി." യുടെ മേൽവിലാസത്തിൽ 22-1-2009-ാം തീയതി 3 മണിക്ക് മുമ്പ് കിട്ടത്തക്ക വിധം അയയ്ക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും "സൂപ്രണ്ട് ഓഫ് പോലീസിന്റെ (ഭരണ വിഭാഗം)" പേരിൽ വാങ്ങിയിട്ടുള്ള നിശ്ചിത നിരതദ്രവ്യത്തിനുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കേണ്ടതാണ്. കവറിനുമുകളിൽ "വാഹന ലേലത്തിനുള്ള ടെണ്ടർ- വാഹന നമ്പർ.................." എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേലസ്ഥലത്ത് നിർദ്ദിഷ്ട സമയത്ത് ഹാജരാകേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക കാണുന്ന ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) ലേലംകൊണ്ടയാൾ ലേലസ്ഥലത്തുവച്ചു തന്നെ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടിയാൽ ഉടൻ ബാക്കി തുകയും നിയമാനുസൃതമുള്ള വിൽപ്പന നികുതിയും അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ വാഹനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ ഏതെങ്കിലും നഷ്ടം

സംഭവിച്ചാൽ ആയത് മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻലേലക്കാരൻ അവകാശി അല്ലാത്തതുമാണ്.

മേൽ കാണിച്ചിരിക്കുന്ന വാഹനങ്ങൾ പരിശോധിക്കണമെന്നുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ ആഫീസ് സമയത്ത് 11 മണി മുതൽ 4 മണിവരെ സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി. പോലീസ് സൂപ്രണ്ട് (ഭരണ വിഭാഗം) അവർകളുടെ അനുമതിയോടുകൂടി അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ടറുമായി ബന്ധപ്പെട്ട് പരിശോധിക്കാവുന്നതാണ്.

യുക്തമെന്നു തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേല തീയതി മാററിവയ്ക്കുന്നതിനോ ലേലം/ടെണ്ടർ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം തിരുവനന്തപുരം സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി. പോലീസ് സൂപ്രണ്ട് (ഭരണ വിഭാഗം) ഉണ്ടായിരിക്കുന്നതാണ്.

(Sd.)

Headquarters,
Special Branch CID,
Thiruvananthapuram.

Superintendent of Police (Admn.),
For *Addl. Director General of Police (Int.).*

ടെണ്ടർ നോട്ടീസ്

നമ്പർ ജി2/15766/2007/എം. 2008 ഡിസംബർ 9.

മലപ്പുറം, മലബാർ സ്പെഷ്യൽ പോലീസിലെ പഴയ ഫാമിലി ക്വാർട്ടേഴ്സുകളായ ക്വാർട്ടർ നമ്പർ 1 മുതൽ 30 വരെ (15 ഡ്യൂപ്ലെക്സ് മീനിയൽ ക്വാർട്ടേഴ്സ്, പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിന് മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടർ ഫോറവും മററ് വിശദവിവരങ്ങളും ടെണ്ടർ ഫോറത്തിന്റെ വിലയായ 450 രൂപയ്ക്ക് (400+വാററ്) (നാനൂററി അൻപത് രൂപ മാത്രം) എം. എസ്. പി. കമാണ്ടന്റിന്റെ കാര്യാലയത്തിൽ നിന്നും 15-12-2008 മുതൽ 15-1-2009-ാം തീയതി ഒരു മണിവരെ നേരിട്ടോ മണി ഓർഡർ ആയോ ലഭിക്കുന്നതാണ്. ടെണ്ടർ ഫോറം കൈമാററം ചെയ്യാൻ പാടുള്ളതല്ല. ഡ്യൂപ്ലിക്കേററ് ടെണ്ടർ ഫോറത്തിന് 225 രൂപയാണ് (200+വാററ്) (ഇരുന്നൂററി ഇരുപത്തി അഞ്ച് രൂപ മാത്രം). ടെണ്ടർ സ്വീകരിക്കുന്ന തീയതി അവധിയാണെങ്കിൽ അതിനടുത്ത പ്രവൃത്തി ദിവസം ടെണ്ടർ സ്വീകരിക്കുന്നതാണ്. ടെണ്ടർ സ്വീകരിച്ചാൽ 15 ദിവസത്തിനകം മുഴുവൻ സാധനങ്ങളും എം. എസ്. പി. ക്യാമ്പിൽ നിന്നും സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്. ആയതിന് കാലതാമസം നേരിട്ടാൽ പുനർലേലം നടത്തുന്നതാണ്. പുനർലേലത്തിൽ നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയതിനുള്ള നഷ്ടം ലേലംകൊണ്ട ആളിൽനിന്നും ഈടാക്കുന്നതുമായിരിക്കും. ലാഭം ഉണ്ടാകുന്ന അവസരത്തിലും ആദ്യ ലേലക്കാരന് അവകാശമുണ്ടാവില്ല. ടെണ്ടർ ഉള്ളടക്കം ചെയ്ത കവറിന്റെ പുറത്ത് നമ്പർ ജി2/15766/2007/എം. നമ്പർ പ്രകാരം 30 ഫാമിലി ക്വാർട്ടേഴ്സുകളുടെ ടെണ്ടർ'എന്ന് രേഖപ്പെടുത്തിയിരിക്കണം.

നിരതദ്രവ്യം—രൂപ 2,000 (രണ്ടായിരം രൂപ മാത്രം).

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—15-1-2009 വൈകുന്നേരം 3 മണി.

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും—15-1-2009 വൈകുന്നേരം 4 മണി.

ഹാജരായിരിക്കുന്ന ടെണ്ടർകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കുന്നതും മററു കാരണങ്ങൾ ഒന്നും തന്നെ പറയാതെ ഏതെങ്കിലും ടെണ്ടറോ അല്ലെങ്കിൽ മൊത്തത്തിലോ നിരസിക്കാനോ ലേലം മാററിവയ്ക്കുവാനോ ഉള്ള അധികാരം എം. എസ്. പി. കമാണ്ടന്റിൽ പൂർണ്ണമായും നിക്ഷിപ്തമായിരിക്കുന്നതുമാണ്.

കമാണ്ടന്റിന്റെ ഓഫീസ്,
മലബാർ സ്പെഷ്യൽ
പോലീസ്, മലപ്പുറം.

(ഒപ്പ്)
കമാണ്ടന്റ്,
എം. എസ്. പി.